## പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
# (2014-2016)

### ഏഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)

**ഏഴാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനം സംബന്ധിച്ച്]**

359/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസഫ് വാഴയ്ക്കൻ

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ബി. സത്യൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. എം. ഷാജി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ഷാഹിന, എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ, എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുള്ള സംസ്ഥാനമായ കേരളത്തിൽ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും പരീക്ഷകൾ നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ യഥാസമയം നിയമന ശിപാർശ നൽകുകയും ചെയ്യുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. വർഷംതോറും അറുപത് ലക്ഷത്തിലധികം അപേക്ഷകൾ കൈകാര്യം ചെയ്യുന്ന പി.എസ്.സി.യുടെ പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്തൽ എന്നിവ സംബന്ധിച്ച് യുവജനങ്ങൾക്ക് പല ആക്ഷേപങ്ങളുള്ളതിനാൽ ഇത് യുവജനങ്ങളെ വളരെയധികം ബാധിക്കുന്ന ഒരു വിഷയമെന്ന നിലയ്ക്ക് പത്രക്കുറിപ്പ് മുഖേന സമിതി പൊതുജനങ്ങളിൽ നിന്നും പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ക്ഷണിച്ചതനുസരിച്ച് ഏകദേശം 200-ഓളം ഹർജികൾ സമിതിക്ക് ലഭിക്കുകയും ആയവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. 29-10-2014, 9-9-2015, 16-9-2015, 23-9-2015 എന്നീ തീയതികളിൽ ഹർജി വിഷയങ്ങളുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം, ഗതാഗതം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, നികുതി എന്നീ വകുപ്പുകളിൽ നിന്നും പി.എസ്.സി. സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയും നിരവധി ഹർജികൾക്ക് പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്തതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിക്ക് ലഭിച്ച ഹർജികൾ, വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ, നടത്തിയ തെളിവെടുപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. 2016 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസഫ് വാഴയ്ക്കൻ,

*അദ്ധ്യക്ഷൻ,*

*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

# റിപ്പോർട്ട്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനം സംബന്ധിച്ച്

ഇന്ത്യൻ ഭരണഘടനയിലെ 315 മുതൽ 323 വരെയുള്ള ആർട്ടിക്കിൾ പ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷന്റെയും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെയും മാർഗ്ഗരേഖകളെപ്പറ്റി അദ്ധ്യായം II-ന്റെ XIV-ാം ഭാഗത്തിൽ വ്യക്തമാക്കിയിരിക്കുന്നു. വ്യക്തമായും പക്ഷപാതമില്ലാതെയും യാതൊരുവിധ സ്വാധീനങ്ങൾക്കും വശപ്പെടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള അധികാരം ഭരണഘടനയിൽ പബ്ലിക് സർവ്വീസ് കമ്മീഷന് വിഭാവനം ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി, മലബാർ പ്രദേശങ്ങളെ യോജിപ്പിച്ചുകൊണ്ട് 1956 നവംബർ 1-ാം തീയതി കേരള സംസ്ഥാനം രൂപീകൃതമായതോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽവന്നു. ഭരണഘടനയുടെ 320-ാം ആർട്ടിക്കിൾ പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിലെ (സ്റ്റേറ്റ് & സബോർഡിനേറ്റ്) നിയമനങ്ങൾ കമ്മീഷൻ നടത്തിവരുന്നു. എന്നാൽ സംസ്ഥാന സർക്കാർ സർവ്വീസ് അല്ലാത്ത വിവിധ കമ്പനികൾ/ബോർഡുകൾ/കോർപ്പറേഷനുകൾ, ഇതര സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണഘടനയുടെ 321-ാം ആർട്ടിക്കിൾ പ്രകാരം അഡീഷണൽ ഫങ്ഷൻസ് ആക്ട് പാസാക്കുകയും പ്രസ്തുത അധികാര അവകാശങ്ങൾ ഉപയോഗപ്പെടുത്തി പ്രസ്തുത മേഖലയിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ നിയമം രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

2. സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണ്ണറാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ചെയർമാനെ കൂടാതെ 20 അംഗങ്ങളുണ്ട്. ചെയർമാനെയും അംഗങ്ങളെയും കൂടാതെ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ ശ്രേണികളായി നിരവധി ഉദ്യോഗസ്ഥരും ചേർന്നാണ് പി.എസ്.സി.-യുടെ ചുമതലകൾ നിറവേറ്റുന്നത്. കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ റിക്രൂട്ട്മെന്റ്, എക്സാമിനേഷൻ, അഡ്വൈസ്, റിസർച്ച് ആന്റ് അനാലിസിസ്, എസ്റ്റാബ്ലിഷ്മെന്റ്, ഫിനാൻസ്, ഡിപ്പാർട്ട്മെന്റൽ എക്സാമിനേഷൻ, അപ്പോയിന്റ്മെന്റ് ആന്റ് വെരിഫിക്കേഷൻ, ഇൻസ്പെക്ഷൻ എന്നീ 9 വിഭാഗങ്ങളിലായാണ് പി.എസ്.സി. പ്രവർത്തിക്കുന്നത്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് ഓരോ ജില്ലയിലും ജില്ലാ ഓഫീസുകളും കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകളും തിരുവനന്തപുരത്ത് കേന്ദ്ര ഓഫീസുമാണുള്ളത്.

3. ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-ക്ക് പ്രവർത്തിക്കുന്നതിനായി വിപുലമായ സംവിധാനങ്ങളാണ് നിലവിലുള്ളത്. സ്തുത്യർഹമാംവിധം അതിന്റെ ഉത്തരവാദിത്വങ്ങൾ പി.എസ്.സി. നിറവേറ്റുന്നുമുണ്ട്. എന്നിരുന്നാലും പരീക്ഷകൾ

നടത്തുന്നതിലുണ്ടാകുന്ന കാലതാമസം, റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ യഥാസമയം നിയമന ശിപാർശ അയക്കാത്തത്, റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനത്തിന്റെ യഥാർത്ഥ സ്ഥിതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതിരിക്കൽ, പരാതി നൽകുന്നവർക്കെതിരെ സ്വീകരിക്കുന്ന അച്ചടക്ക നടപടി തുടങ്ങിയ പരാതികൾ പി.എസ്.സി.ക്കെതിരെ നിലനിൽക്കുന്നതായി സമിതിക്ക് ലഭിക്കുന്ന ഹർജികളിലൂടെ സമിതി മനസ്സിലാക്കി. അതിനാലാണ് പി.എസ്.സി.-യുടെ പ്രവർത്തനത്തെപ്പറ്റി ഒരു സമഗ്ര പഠനം നടത്തുന്നതിനായി പത്രക്കുറിപ്പ് മുഖേന പൊതുജനങ്ങളിൽ നിന്നും പരാതികളും നിർദ്ദേശങ്ങളും സമിതി സ്വീകരിച്ചത്. പ്രസ്തുത പഠനത്തിന്റെയും സമിതിക്ക് ലഭിച്ച ഹർജികളിലെ വിഷയങ്ങളുടേയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശിപാർശകളിൽ എത്തിച്ചേരുകയുണ്ടായി:

4. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുള്ള കേരളത്തിൽ ഒരേ ഉദ്യോഗാർത്ഥി തന്നെ ഒരേ സമയം ഒന്നിലേറെ തസ്തികകൾക്ക് അപേക്ഷിക്കാറുണ്ട്. ഇത് ഒരേ സമയം ഉദ്യോഗാർത്ഥിക്കും കമ്മീഷനും ജോലിഭാരം കൂട്ടുന്നു. ഇതിനൊരു പരിഹാരമെന്ന നിലയ്ക്കാണ് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം പി.എസ്.സി. ഏർപ്പെടുത്തിയത്. ഇതുവഴി ലോകത്തിന്റെ ഏതു കോണിലിരുന്നും ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും അധികയോഗ്യത ചേർക്കുന്നതിനും സാധിക്കുന്നു. അപേക്ഷ നൽകുന്നതുമുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രക്രിയ സുതാര്യമാക്കുവാൻ ഓൺലൈൻ അപേക്ഷാ സംവിധാനംമൂലം സാധിച്ചിട്ടുണ്ട്. എന്നാൽ ഓൺലൈനായി അപേക്ഷ നല്കുമ്പോൾ ഉദ്യോഗാർത്ഥിക്കുണ്ടാകാവുന്ന തെറ്റ് തിരുത്തുവാൻ പി.എസ്.സി. അവസരം നൽകുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് സമിതിക്ക് പല ഹർജികളും ലഭിച്ചിരുന്നു. പ്രസ്തുത ഹർജികളിലെ ആവശ്യം പരിഗണിച്ച സമിതി, ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയിൽ അജ്ഞതമൂലം സംഭവിക്കുന്ന പാകപ്പിഴ തിരുത്തുവാൻ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

5. നമ്മുടെ രാജ്യത്തെ മറ്റെല്ലാ പി.എസ്.സി.കൾക്കും മാതൃകയായ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ പല പരീക്ഷകളും അഭിമുഖങ്ങളും നിർത്തിവയ്ക്കേണ്ടിവരുമെന്ന മാധ്യമ വാർത്തകൾ യുവജനങ്ങളുടെ തൊഴിൽ സ്വപ്നങ്ങൾക്കുമേലുള്ള പ്രഹരമാണ്. സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണം എൽ.ഡി.സി., എൽ.ജി.എസ്., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലെ അപേക്ഷകർ കൂടുതലായുള്ള ചില തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നാലുടൻ തന്നെ അതേ തസ്തികകളിലേക്ക് വീണ്ടും പരീക്ഷ നടത്തേണ്ട സാഹചര്യം ഉള്ളതിനാലാണ് എന്ന് ചില ഉദ്യോഗാർത്ഥികൾ സമിതിക്ക് സമർപ്പിച്ച ഹർജികളിൽ

ആരോപിച്ചിരുന്നു. ഒട്ടനവധി അപേക്ഷകരുള്ള തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി പേരെ നിയമിക്കുക വഴി പി.എസ്.സി.-ക്ക് സാമ്പത്തിക പ്രതിസന്ധി കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഒട്ടനവധി അപേക്ഷകരുള്ള എൽ.ജി.എസ്., എൽ.ഡി.സി., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് എന്നിവയ്ക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും പരമാവധിപേർക്ക് നിയമനം നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പി.എസ്.സി.-യുടെ വെബ്സൈറ്റ് മുഖേനയാണ് വിജ്ഞാപനങ്ങൾ, പരീക്ഷകൾ, അഭിമുഖങ്ങൾ, ഫലപ്രഖ്യാപനം, ഇന്റർവ്യൂ, ഷോർട്ട്ലിസ്റ്റ്, നിയമന ശിപാർശ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ, ഓരോ വകുപ്പിലുമുള്ള നിയമനം എന്നിവ ഉദ്യോഗാർത്ഥിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഏഴാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത വരെ ആവശ്യമുള്ള വിവിധ തസ്തികകൾക്കുള്ള വിജ്ഞാപനങ്ങൾ പി.എസ്.സി.-യുടെ വെബ്സൈറ്റിൽ ഉൾപ്പെടുന്നു എന്നുള്ളത് കമ്പ്യൂട്ടർ സാക്ഷരത ഇല്ലാത്തവർക്കുപോലും ഈ വെബ്സൈറ്റ് ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യം വ്യക്തമാക്കുന്നു. ആയതിനാൽ പി.എസ്.സി. വെബ്സൈറ്റ് ഏതൊരു ഉദ്യോഗാർത്ഥിക്കും മനസ്സിലാകുന്ന തരത്തിൽ ലളിതവും വ്യക്തവുമാക്കുന്നതിലേക്കായി ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ലക്ഷങ്ങൾ മുടക്കി പി.എസ്.സി. കോൾ സെന്റർ തുടങ്ങിയെങ്കിലും ആയതിന്റെ ഫലം ഉദ്യോഗാർത്ഥികൾക്ക് പലപ്പോഴും ലഭിക്കാറില്ലെന്ന പരാതി നിലനിൽക്കുന്നുണ്ട്. വിവിധ ഒഴിവുകൾ, പരീക്ഷകൾ, ഫലപ്രഖ്യാപനം തുടങ്ങി പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ആധികാരികമായി അറിയുന്നതിനായി പി.എസ്.സി. വെബ്സൈറ്റാണ് എല്ലാവരും ആശ്രയിക്കുന്നത്. എന്നാൽ പി.എസ്.സി. യഥാസമയം വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാതിരിക്കുന്നത് കാരണം റാങ്ക്ലിസ്റ്റിലെ നിയമനങ്ങളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുവാനോ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുവാനോ ഉദ്യോഗാർത്ഥികൾക്ക് സാധിക്കുന്നില്ല. നിയമന നടപടികൾ സുതാര്യമാക്കുന്നതിനും പി.എസ്.സി.-യുടെ വിശ്വാസ്യത നിലനിർത്തുന്നതിനും പി.എസ്.സി. യഥാസമയം വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. തൊഴിലന്വേഷകരുടെ നിരന്തരമായ ആവശ്യത്തെത്തുടർന്ന് അപേക്ഷാ ഫീസ് ഒഴിവാക്കാൻ പി.എസ്.സി. തീരുമാനിച്ചിരുന്നു. ഇപ്പോഴും അപേക്ഷാ ഫീസ് ഇല്ലാതെയാണ് പി.എസ്.സി. അപേക്ഷ സ്വീകരിക്കുന്നത്. എന്നാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിച്ചു തുടങ്ങിയതോടെ അപേക്ഷകർക്ക് വലിയ ചെലവുകളാണ് ഈ ഇനത്തിൽ വേണ്ടിവരുന്നത്. അക്ഷയ കേന്ദ്രങ്ങളും സ്വകാര്യ കമ്പ്യൂട്ടർ സെന്ററുകളും

സർവ്വീസ് ചാർജായി കൂടുതൽ തുക അപേക്ഷ സമർപ്പിക്കുവാനായി ഉദ്യോഗാർത്ഥികളിൽ നിന്നും ഈടാക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി പൂർണ്ണമായും സൗജന്യമായി പി.എസ്.സി. അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ ഏറ്റവും കൂടുതലുള്ള നാടാണ് കേരളം. കടുത്ത മത്സര പരീക്ഷകൾക്കൊടുവിൽ ഏതെങ്കിലുമൊരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കാതെ വരുമ്പോഴുണ്ടാകുന്ന മനോവേദനയും ഇച്ഛാഭംഗവും ഊഹിക്കാവുന്നതിനുമപ്പുറമാണ്. തൊഴിലില്ലായ്മമൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ കൂടുതലാണ്. തൊഴിലന്വേഷകരിൽ പ്രൊഫഷണലുകളുടെ എണ്ണം കൂടിവരുന്നതായും നമുക്ക് കാണാൻ കഴിയും. സംസ്ഥാനത്തെ 41 ലക്ഷത്തോളമുള്ള തൊഴിലന്വേഷകരിൽ രണ്ട് ലക്ഷത്തോളം പേർ പ്രൊഫഷണൽ യോഗ്യത നേടിയവരും 35 ലക്ഷത്തോളം പേർ എസ്.എസ്.എൽ.സി.യും അതിനു മുകളിലും യോഗ്യതയുള്ളവരുമാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

10. യഥാർത്ഥത്തിൽ ഉള്ളതോ റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ ഉണ്ടാകുവാൻ സാധ്യതയുള്ളതോ ആയ ഒഴിവുകളുടെ എണ്ണത്തിന്റെ പതിൻമടങ്ങ് ആളുകളെ ഉൾക്കൊള്ളിച്ചാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ഏതെങ്കിലുമൊരു റാങ്ക് ലിസ്റ്റിൽ ഇടം നേടുന്ന ഉദ്യോഗാർത്ഥി വളരെ നീണ്ട കാലയളവ് (ശരാശരി മൂന്നുവർഷം) ജോലിക്കായി കാത്തിരിക്കുകയും കാലാവധി തീരുന്നമുറയ്ക്ക് റാങ്ക് ലിസ്റ്റ് റദ്ദാകുന്നതോടെ ജോലി ലഭിക്കാതെ നിരാശയുടെ പടുകുഴിയിലേക്ക് പതിക്കുകയും ചെയ്യുന്നു. ഇത്തരം അനാവശ്യ പ്രതീക്ഷ നല്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വളരെയധികം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുപകരം ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായ എണ്ണം ഉദ്യോഗാർത്ഥികളെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താവൂ എന്നും ഇക്കാര്യത്തിൽ യു.പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ മാതൃക അനുകരണീയമാണോ എന്നു പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. വിവിധ സർക്കാർ വകുപ്പുകളിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും ആയത് പല വകുപ്പുകളും നടപ്പാക്കുന്നില്ല എന്ന യാഥാർത്ഥ്യം സമിതി മനസ്സിലാക്കുന്നു. ചെറുതും വലുതുമായ ആയിരത്തോളം റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടായിട്ടും അവയെ നോക്കുകുത്തിയാക്കി പല വകുപ്പുകളും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ താല്ക്കാലിക നിയമനം നടത്തുന്നതായും പരാതിപ്പെട്ട് സമിതിക്ക് അനേകം ഹർജികൾ ലഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽനിന്ന് സമിതി

തെളിവെടുപ്പ് നടത്തുകയും വകുപ്പുകളോട് ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും അല്ലാതെയുള്ള നിയമനങ്ങൾ നടത്തുവാൻ പാടില്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇപ്പോഴും സ്ഥിതി മാറ്റമില്ലാതെ തുടരുന്നു എന്നത് സമിതിക്ക് ലഭിക്കുന്ന ഹർജികളിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുവാൻ വകുപ്പ് മേധാവികൾ ശ്രദ്ധിക്കണമെന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ പിൻവാതിൽ നിയമനങ്ങൾ നടത്തുന്ന വകുപ്പുകളിലെ നിയമന അധികാരിക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

12. പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ഗതാഗതം (കെ.എസ്.ആർ.ടി.സി.) മുതലായ വകുപ്പുകളിൽ പി.എസ്.സി. നിയമന ശിപാർശ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി വിവിധ ഹർജികളിൽ നിന്നും തെളിവെടുപ്പുകളിലൂടെയും സമിതി മനസ്സിലാക്കുന്നു. വിവിധ തെളിവെടുപ്പ് യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ടിട്ടും ഇത്തരം ഹർജികളിൽ അന്തിമ തീരുമാനമെടുക്കാതിരിക്കുന്നത് പ്രസ്തുത വകുപ്പുകൾ സമിതിയോട് കാണിക്കുന്ന അനാദരവായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, നിയമന ശിപാർശ നൽകിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും അടിയന്തരമായി നിയമന ഉത്തരവ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. സംസ്ഥാന സർക്കാർ സർവ്വീസിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സർക്കാർതല റിക്രൂട്ട്മെന്റ് സംവിധാനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. വിവിധ കാലങ്ങളിലായി നിരവധി കോർപ്പറേഷനുകളും ബോർഡുകളും സർവ്വകലാശാലകളും അവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതിനായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിലെ കാലതാമസംമൂലം ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമന സാദ്ധ്യതയാണ് ഇല്ലാതായിരിക്കുന്നത്.

14. സർവ്വകലാശാലകളിലെ 8500-ഓളം വരുന്ന അനദ്ധ്യാപക നിയമനങ്ങൾ (അസിസ്റ്റന്റ് മുതൽ സെക്യൂരിറ്റിവരെ) 2010-ൽ പി.എസ്.സി.-ക്ക് വിട്ടുവെങ്കിലും ഇപ്പോഴും യാതൊരു മാനദണ്ഡവുമില്ലാതെ പ്രസ്തുത ഒഴിവുകളിലേക്ക് താല്ക്കാലിക നിയമനങ്ങൾ നടത്തിവരുന്നു. പ്രസ്തുത നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആർട്ടിക്കിൾ 321 അനുസരിച്ച് അത് പ്രയോഗത്തിൽ വരുത്തുന്നതിന് പി.എസ്.സി.-ക്ക് അഡീഷണൽ ഫങ്ഷൻസ് ആക്ട് വേണമെന്നും കൂടാതെ ഇതിനായി റൂൾ ഉണ്ടാക്കേണ്ടതുണ്ടെന്നും റൂൾ നിയമസഭ പാസ്സാക്കി

പി.എസ്.സി.-ക്ക് അയച്ചുകൊടുക്കുകയും യോഗ്യത, നിയമന രീതി എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള സ്പെഷ്യൽ റൂളും നൽകിയാൽ മാത്രമേ പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിക്കുകയുള്ളുവെന്നും ഇതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ട ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച തുടർ നടപടിയൊന്നും ഉണ്ടായിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ നിരവധി ഒഴിവുകൾ ഉണ്ടെങ്കിലും സ്പെഷ്യൽ റൂൾ നിലവിൽ വന്നാൽ മാത്രമേ പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ എന്നും അതിന് കാലതാമസം ഉണ്ടാകും എന്നും സമിതി മനസ്സിലാക്കുന്നു. പെൻഷൻ പ്രായം 56 ആയി ദീർഘിപ്പിക്കുകയും അക്കാലയളവിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് മുൻ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നല്കുകയും ചെയ്തതുമൂലം ഇപ്പോൾ നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് പട്ടികയിൽ നിന്ന് മുൻ റാങ്ക് ലിസ്റ്റുകളെ അപേക്ഷിച്ച് വളരെ കുറച്ച് നിയമനങ്ങളെ നടന്നിട്ടുള്ളൂ എന്ന് വിവിധ ഹർജികളിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടേതിനുസമാനമായ യോഗ്യതയാണ് യൂണിവേഴ്സിറ്റി അസിസ്റ്റന്റിനും നിഷ്കർഷിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുവാൻ സാധിക്കുമോ എന്നത് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ 2015-ൽ പി.എസ്.സി.-ക്ക് വിട്ടതായി വാർത്തകൾ ഉണ്ടായിരുന്നെങ്കിലും 110 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം മാത്രമേ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളൂ എന്നും എല്ലാ സ്ഥാപനങ്ങളിലെയും നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനായി പൊതു തീരുമാനമെടുത്തിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യം മുതലെടുത്ത് പല സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് താൽക്കാലിക നിയമനങ്ങൾ നടത്തി വരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിലേക്കായി താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് എന്ത് മാനദണ്ഡ പ്രകാരമാണ് എന്ന് വ്യക്തമാക്കണമെന്നും ഇപ്രകാരം നടത്തുന്ന നിയമനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ പരാതികളുടെ പകർപ്പുകളുമുൾപ്പെടെയുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

17. നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിക്ക് വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ 50-ൽ അധികം സ്ഥാപനങ്ങളുടെ നിയമന ചട്ടങ്ങൾ ഇതുവരെയും രൂപീകൃതമാകാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി. വഴി ആക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ പല സ്ഥാപനങ്ങളിലേയും നിയമനങ്ങൾ അതത് സ്ഥാപനം നേരിട്ട് നടത്തുന്നതായും ആയത് പരാതികൾക്ക് കാരണമാകാൻ സാധ്യതയുള്ളതായും സമിതി വിലയിരുത്തുന്നു. നിയമന നടപടി സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനുള്ള നടപടിക്രമം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. വിവിധ ബോർഡുകളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ (അമെന്റ്മെന്റ്) ആക്ട് 2007 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങളും, മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്ട് 2008 മുഖേന മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടിരുന്നുവെങ്കിലും ഇത്രയും വർഷങ്ങൾക്കു ശേഷവും ഇതിന്റെ അന്തിമ നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്നും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിക്ക് വിടുന്നത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഏതൊരു സ്ഥാപനത്തിലെയും നിയമനം പി.എസ്.സി.-ക്ക് വിടുന്നതോടൊപ്പം അതിനാവശ്യമായ നിയമ ചട്ടങ്ങൾ താമസംവിനാ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ഹർജികൾ ക്ഷണിച്ചുകൊണ്ടുള്ള പത്രക്കുറിപ്പ് പ്രകാരം ലഭ്യമായ വിവിധ ഹർജികൾ സമിതി പരിഗണിക്കുകയും അവയിൽ നിയമന ശിപാർശ നൽകിയിട്ടും നിയമന ഉത്തരവ് ലഭിക്കാത്തത്, ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത്, ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിൽ അക്കാദമിക് വെയിറ്റേജ് നൽകുന്നതിലെ അപാകത, ഡി.എം.ഇ./ഡി.എച്ച്.എസ്. വിഭജനംമൂലം സ്റ്റാഫ് നഴ്സ് നിയമനത്തിലുണ്ടായ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച വിവിധ ഹർജികളിന്മേൽ ആരോഗ്യ കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം, ഗതാഗതം, നികുതി, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളിൽ നിന്നും 29-10-2014, 9-9-2015, 16-9-2015, 23-9-2015 എന്നീ തീയതികളിൽ സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

20. ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകളിൽ പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകാത്തത്, ഡി.എം.ഇ./ഡി.എച്ച്.എസ്. വിഭജനംമൂലം സ്റ്റാഫ് നഴ്സ് നിയമനത്തിലുണ്ടായ അപാകത, നഴ്സുമാരുടെ ഗ്രേഡ് I, ഗ്രേഡ് II അനുപാതത്തിലുണ്ടായ വ്യത്യാസം, ട്രാൻസ്ഫർ സംബന്ധമായ നിബന്ധനകൾ പാലിക്കാത്തത്, താൽക്കാലിക നിയമനങ്ങൾ, ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത്, സൂപ്പർന്യൂമററി തസ്തികകളിലെ നിയമനം എന്നിവ സംബന്ധിച്ച് ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. ഡി.എം.ഇ./ഡി.എച്ച്.എസ്. വിഭജനംമൂലം ഓപ്ഷൻ കൊടുക്കേണ്ടി വന്നതിന്റെ ഫലമായി സ്റ്റാഫ് നഴ്സ് റാങ്ക് ലിസ്റ്റിലെ ജൂനിയേഴ്സിന് ജോലി ലഭിക്കുകയും സീനിയേഴ്സിന് ജോലി ലഭിക്കാതെ വരികയും ചെയ്യുതായ പരാതികൾ സംബന്ധിച്ചും സമിതി തെളിവെടുപ്പ് നടത്തി.

21. 2009-ൽ ഡി.എച്ച്.എസ്., എൻ.സി.എ. കാറ്റഗറിയിൽപ്പെട്ട 86 ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും 2010-ൽ ഡി.എം.ഇ./ഡി.എച്ച്.എസ്. വിഭജനംമൂലം ഡ്യൂവൽ കൺട്രോൾ നിർത്തലാക്കുകയും അന്നുണ്ടായിരുന്ന നഴ്സുമാരിൽ നിന്നും ഡി.എം.ഇ. വിഭാഗത്തിലാണോ ഡി.എച്ച്.എസ്. വിഭാഗത്തിലാണോ നിയമനം വേണ്ടതെന്ന് ഡി.എച്ച്.എസ്. സമ്മതം ചോദിച്ചപ്പോൾ എൻ.സി.എ. കാറ്റഗറിയിൽ നേരത്തേയുണ്ടായിരുന്ന കുറച്ചുപേർ ഡി.എച്ച്.എസ്. വിഭാഗത്തിലേക്ക് വന്നതിന്റെ ഫലമായുണ്ടായ 86 എൻ.സി.എ. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുകയും ഡി.എം.ഇ. ഭാഗത്തുനിന്നും 50 നഴ്സുമാർ ഡി.എച്ച്. എസ്. വിഭാഗത്തിൽ വന്നതുമൂലം 2014-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 36 പേർക്ക് നിയമനം നൽകാൻ കഴിയാതെ വന്നുവെന്നും അതിനുശേഷമുള്ളവരെ ഡി.എച്ച്.എസ്.-ൽ നിയമിച്ചുവെന്നും 29-10-2014-ലെ തെളിവെടുപ്പിൽ സമിതി മനസ്സിലാക്കി.

22. ഡി.എം.ഇ./ഡി.എച്ച്.എസ്. വിഭജനത്തിനും മുൻപ് ഉണ്ടായിരുന്ന 145 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ആ ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽ നിന്നുള്ള ലിസ്റ്റ് വഴി ഡി.എം.ഇ.-യിൽ നിയമനമായെന്നും അത് ജൂനിയേഴ്സിനാണ് ലഭിച്ചതെന്നും ഓപ്ഷൻ കൊടുത്ത സീനിയേഴ്സിന് നിയമനം ലഭിച്ചിട്ടില്ലാത്തതിനാൽ, സീനിയേഴ്സിനെ നിയമിക്കാൻ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുവാൻ പി.എസ്.സി.-യുടെ ശിപാർശയുണ്ടെന്നും അതിൻപ്രകാരം ഡി.എച്ച്.എസിലും ഡി.എം.ഇ.-യിലും സൂപ്പർന്യൂമററി ഒഴിവുകൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റിലേക്ക് ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും തെളിവെടുപ്പുവേളയിൽ സമിതിക്ക് വ്യക്തമായി. എന്നാൽ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്നതനുസരിച്ചാണ് പി.എസ്.സി.-യിൽനിന്ന് നിയമനം നടത്തുന്നതെന്നും ഡി.എച്ച്.എസിൽ ഓപ്ഷൻ കൊടുത്ത സീനിയേഴ്സിന്

പോസ്റ്റിംഗ് ലഭിക്കാതെ വരുമ്പോൾ അവരുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ് ചെയ്യുന്നതെന്നും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഇവരെ ആറുമാസത്തിനകം നിയമിക്കാൻ സാധിക്കുമെന്ന് സമിതിക്ക് ഉറപ്പ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും അത് പാലിക്കപ്പെട്ടിട്ടില്ലെന്നും ഇത് വലിയ അനീതിയാണെന്നും സമിതി വിലയിരുത്തുന്നു.

23. പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകളിലെ ഒഴിവുകൾ കണക്കാക്കി നഴ്സുമാരെ നിയമിക്കുവാൻ സാധിക്കുമോയെന്ന് സമിതി പരിശോധിക്കുകയും ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള ആശുപത്രികളിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടില്ലെന്നും ഡി.എം.ഇ.-യുടെ കീഴിൽ വരുന്ന ആശുപത്രികളിൽ സ്പെഷ്യൽ റൂൾ അനുസരിച്ച് സ്റ്റേറ്റ്-വൈഡ് റിക്രൂട്ട്മെന്റ് വരുന്നതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാതെ നിയമനം നടത്താൻ സാധിക്കുകയില്ലെന്നുമുള്ള ഗവൺമെന്റ് മറുപടി സ്വീകാര്യമല്ലെന്നും അഡ്വൈസ് മെമ്മോ കൊടുത്തവർക്ക് നിയമന ഉത്തരവ് നൽകുവാൻ വകുപ്പിന് ബാധ്യതയുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തി നിയമനം നടത്തുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ മുപ്പത്തിയാറ് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള സാധ്യത തേടിയെങ്കിലും സാമ്പത്തികസ്ഥിതി മോശമായതിനാൽ ആയത് സാധിക്കില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു. ആയതിനാൽ നേരത്തേ ഡി.എം.ഇ.യിൽ നിന്നും വന്ന 36 സ്റ്റാഫ് നഴ്സുമാരിൽ പന്ത്രണ്ട് പേരെ വച്ച് മൂന്ന് ടേണുകളിലായി ഡെപ്യൂട്ടേഷനിൽ അയച്ച് ഡി.എച്ച്.എസ്.-ന്റെ സഹായത്തോടെ ഒഴിവുകളിൽ ആറുമാസത്തിനകം നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. കരാർ അടിസ്ഥാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റിലും നിയമനം നടത്തുന്നതിനാൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ പോകുന്നതിനെപ്പറ്റിയുള്ള പരാതി പരിശോധിച്ച സമിതി എൻ.ആർ.എച്ച്.എം.-ന്റെ കീഴിലും ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ചുള്ള പോസ്റ്റുകളിലും സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകളിലും കരാർ അടിസ്ഥാനത്തിൽ നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്നും സാങ്ഷൻഡ് പോസ്റ്റില്ലാത്ത സ്ഥലങ്ങളിലാണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതെന്നും മനസ്സിലാക്കുന്നു. 2012-ൽ ഡി.എം.ഇ.-യ്ക്കുവേണ്ടി 275-ഉം ഡി.എച്ച്.എസിനുവേണ്ടി 580-ഉം തൃശ്ശൂർ മെഡിക്കൽ കോളേജിനുവേണ്ടി 105-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും എന്നാൽ ഈ ഒഴിവുകളിൽ ബി.എസ്‌സി. നഴ്സിംഗ് പഠിച്ചിറങ്ങുന്ന കുട്ടികളെ താത്കാലികമായി നിയമിച്ചിരിക്കുകയാണെന്നും ആശുപത്രികളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഒരു വർഷത്തെ നിർബന്ധിത സേവനത്തിനു പുറമേ ഒരു വർഷത്തേക്കുകൂടി 13,900 രൂപ പ്രതിമാസ ശമ്പളം നൽകി ബി.എസ്‌സി. നഴ്സിംഗ് പഠനം കഴിഞ്ഞവർക്ക് നിയമനം നൽകുന്നുണ്ടെന്നും നിലവിലുള്ള

വേക്കൻസികളിൽ ഇപ്രകാരം നിയമനം നടത്തിയിരിക്കുകയാണെന്നും മനസ്സിലാക്കിയ സമിതി, പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്നമുറയ്ക്ക് ബോണ്ട് വച്ചവരെ വിടുതൽ ചെയ്യണമെന്നും എൻ.ആർ.എച്ച്.എം., ആർ.എസ്.ബി.വൈ., സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയിൽ നിയമനം നടത്തുമ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകണമെന്നും ശിപാർശ ചെയ്യുന്നു.

25. സ്റ്റാഫ് നഴ്സ് ഗ്രേഡ് I തസ്തികയിൽ ട്രാൻസ്ഫർ നടത്താത്തതിനുള്ള കാരണത്തെപ്പറ്റി സമിതി വകുപ്പിനോടാരാഞ്ഞതിന് നഴ്സ് ഗ്രേഡ് I, ഗ്രേഡ് II റേഷ്യോ പുനഃക്രമീകരിക്കുമ്പോൾ നഴ്സുമാരിൽ കുറച്ചുപേർക്ക് മറ്റ് സ്ഥലങ്ങളിലേക്ക് പോകേണ്ടിവരികയും അവർ കോടതിയെ സമീപിക്കുകയും ചെയ്തുവെന്നും കോടതി സർക്കാർ തീരുമാനത്തിന് വിട്ട വിഷയം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ രണ്ട് വർഷമായി പെൻഡിംഗിലാണെന്നും മനസ്സിലാക്കിയ സമിതി പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

26. സ്റ്റാഫ് നഴ്സ് തസ്തികയിലെ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ചിരുന്ന ഹർജി വിഷയം ഒരു മാസത്തിനുള്ളിൽ പരിഹരിക്കുമെന്ന് 29-10-2014-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ആയത് പാലിക്കാത്തതിനെപ്പറ്റി 9-9-2015-ൽ സമിതി തെളിവെടുക്കവെ ആരാഞ്ഞപ്പോൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവും സുപ്രീം കോടതിയുടെ ഉത്തരവും തമ്മിൽ പൊരുത്തക്കേടുണ്ടെന്നും അതിനെതിരെ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ടെന്നും സുപ്രീം കോടതിയുടെ തീരുമാനത്തിനുശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളാനാകൂ എന്നും ആരോഗ്യ വകുപ്പ് സമിതിയെ അറിയിച്ചു. ഡി.എം.ഇ. നഴ്സുമാരുടെ ഗ്രേഡ് I, ഗ്രേഡ് II റേഷ്യോ പ്രൊമോഷൻ നൽകി കഴിഞ്ഞതായും നഴ്സുമാരുടെ ഗ്രേഡ് I, ഗ്രേഡ് II ട്രാൻസ്ഫറിൽ സീനിയോറിറ്റിയുടെ വിഷയം ഉണ്ടായതിനാൽ കുറച്ചുപേർ കെ.എ.റ്റി.യിൽ പരാതിയുമായി പോയതിനാൽ സുപ്രീം കോടതിയിൽ നിന്ന് അന്തിമ തീരുമാനമുണ്ടായാലേ നടപടി സ്വീകരിക്കാനാകൂ എന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

27. സംസ്ഥാനം മുഴുവൻ ബാധിക്കുന്നതും ഡി.എച്ച്.എസിന്റെ കീഴിൽ വരുന്നതുമായ പരാതികളാണ് സമിതിക്ക് കൂടുതലായി ലഭിച്ചിരിക്കുന്നത് എന്നും അവയിൽ വ്യക്തത നൽകാൻ ഉത്തരവാദിത്വപ്പെട്ടവർക്കാകുന്നില്ല എന്നു വിലയിരുത്തിയ സമിതി, സമിതിക്ക് ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയയ്ക്കുമ്പോൾ സമയബന്ധിതമായി മറുപടി ലഭിക്കാത്തതിനാൽ പരാതിക്കാർക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കുന്നില്ലെന്നും തെളിവെടുപ്പ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിലും സമിതിയുടെ റിപ്പോർട്ടുകളും ശിപാർശകളും

ഗൗരവമായി കാണുകയും ചെയ്യാത്തതിൽ സമിതിയുടെ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡി.എച്ച്.എസ്., ഡി.എം.ഇ. എന്നിവർ തെളിവെടുപ്പ് യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്നും ഹർജികളുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പഠിച്ചുകൊണ്ട് മാത്രം യോഗത്തിന് ഹാജരാകണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

28. സൂപ്പർന്യൂമററി പോസ്റ്റ് ഉൾപ്പെടെ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് അടിയന്തര നിയമനം നടത്തണമെന്നും കരാർ/വർക്കിംഗ് അറേഞ്ചുമെന്റ് വഴിയുള്ള താൽക്കാലിക നിയമനങ്ങൾ പൂർണ്ണമായും ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ഡോക്ടർമാരുടെ നിയമനം സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി ചർച്ച നടത്തുകയുണ്ടായി. പി.എസ്.സി. മുഖേന നിയമനം നൽകുന്ന ഡോക്ടർമാർ പലപ്പോഴും ഉത്തരവാദിത്വം കൂടിയ ആശുപത്രികളാണെങ്കിൽ ജോലിയിൽ ചേരാതെ വരികയും അവധിയെടുത്ത് ഉന്നതവിദ്യാഭ്യാസത്തിന് പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ പേരെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടി വരുന്നതായി മനസ്സിലാക്കിയ സമിതി അസിസ്റ്റന്റ് സർജൻ തുടങ്ങി വിവിധ തസ്തികകളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി ഡോക്ടർമാരുടെ നിയമനം ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

30. കെ.എസ്.ആർ.ടി.സി.-യിൽ നിരവധി പേർക്ക് നിയമന ശിപാർശ നൽകിയിട്ടും നിയമന ഉത്തരവ് നൽകാത്തത് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ സമിതി ഗതാഗത വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തി. കെ.എസ്.ആർ.ടി.സി. ക്യാൻസൽ ചെയ്യുന്ന ഷെഡ്യൂളുകളും വരാൻ പോകുന്ന ഷെഡ്യൂളുകളും കണക്കാക്കിയപ്പോൾ തെറ്റ് പറ്റിയതിനാലാണ് 3880 ഒഴിവുകൾ ഉണ്ടായിരുന്നപ്പോൾ 9300 പേർക്ക് നിയമന ശിപാർശ അയയ്ക്കുവാനുണ്ടായ സാഹചര്യം ഉണ്ടായതെന്നും പിന്നീട് പി.എസ്.സി.-യെ പ്രസ്തുത വിവരം അറിയിച്ചിരുന്നുവെങ്കിലും പി.എസ്.സി. നിയമന നടപടി ആരംഭിച്ചുകഴിഞ്ഞിരുന്നതായും സമിതി മനസ്സിലാക്കുന്നു. ഒഴിവുകൾ കണക്കാക്കുന്നതിൽ തെറ്റുപറ്റിയെന്ന് പറയുന്നത് വിശ്വസനീയമല്ലെന്നും വിവിധ ഉദ്യോഗസ്ഥതലങ്ങളിൽ പരിശോധിക്കുന്ന ഫയലിൽ ക്ലറിക്കൽ തെറ്റ് പറ്റിയെന്ന് പറയുന്നത് അടിസ്ഥാന രഹിതമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പി.എസ്.സി.-ക്ക് ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവ് പിൻവലിക്കാൻ സാധിക്കില്ല എന്നതിനാൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ എല്ലാവർക്കും കെ.എസ്.ആർ.ടി.സി.-യിൽ നിയമനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. (ഹിന്ദി) റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിക്കുകയും ഒഴിവുകൾ നിലനിൽക്കുകയും ചെയ്തിട്ടും നിയമനം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീമതി എൽ. ഷീജാറാണി സമർപ്പിച്ച ഹർജി സമിതി പരിഗണിക്കുകയും ആയത് വിദ്യാഭ്യാസ വകുപ്പിന്റെ ഗുരുതരമായ വീഴ്ചയാണെന്നും ഹർജിക്കാരിക്ക് അടിയന്തരമായി നിയമനം നൽകി സമിതിയെ അറിയിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് അടിയന്തര നിയമനം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സമിതിയുടെ ഇടപെടൽമൂലം ഹർജിക്കാരിക്ക് നിയമനം ലഭിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

32. എൽ.ഡി.സി., എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തുടങ്ങിയ വിവിധ തസ്തികകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമിതിക്ക് നിരവധി ഹർജികൾ ലഭിച്ചിരുന്നത് പരിഗണിച്ച സമിതി പെൻഷൻ പ്രായം 56 ആയി ദീർഘിപ്പിച്ചതിന്റെ ഫലമായി ഒരു വർഷത്തെ ഒഴിവുകൾ സൂപ്പർന്യൂമററിയായി സൃഷ്ടിക്കുകയും മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുകയും ചെയ്തതിനാൽ പിന്നീട് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ നിയമനസാധ്യത കുറഞ്ഞതായി മനസ്സിലാക്കുകയും, സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയതുമൂലം തൊഴിൽ സാധ്യത നഷ്ടമായി എന്ന് പറയപ്പെടുന്ന തസ്തികകളുടെ തൊട്ടടുത്ത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ അവരുടെ നഷ്ടം നികത്തത്തക്കവണ്ണം സൂപ്പർന്യൂമററി തസ്തികകളിൽ ശമ്പളമില്ലാതെ നിയമിക്കുവാനും പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാനും ശിപാർശ ചെയ്യുകയുണ്ടായി. അതനുസരിച്ച് 31-3-2015-ന് നിലവിലുള്ളതും 29-9-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 30-9-2015 വരെ ദീർഘിപ്പിക്കുവാനും 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ നിയമനം നടത്തുവാനും പി.എസ്.സി. തീരുമാനമെടുത്തതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

33. എൽ.ഡി. ക്ലാർക്കിന്റെയും എൽ.ഡി. ടൈപ്പിസ്റ്റിന്റെയും അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി.-യിൽ നിന്നും പ്ലസ് ടു ആയി ഉയർത്തിയ സർക്കാർ പിന്നീട് എൽ.ഡി. ക്ലാർക്കിന്റെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി.-യും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത പ്ലസ് ടുവും ആയി പുനഃവിജ്ഞാപനം ചെയ്തതിനെതിരെ സമിതിക്ക് ധാരാളം ഹർജികൾ ലഭിച്ചിരുന്നു. ഇത് ഒരു വിവേചനമാണെന്നും സമാനമായ വിദ്യാഭ്യാസ യോഗ്യത ആവശ്യമായ

തസ്തികകളാണ് എൽ.ഡി. ക്ലാർക്കും എൽ.ഡി. ടൈപ്പിസ്റ്റും എങ്കിലും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു ആയി ഉയർത്തിയതു വഴി പ്ലസ് ടു യോഗ്യത ഇല്ലാത്ത ടൈപ്പ്റൈറ്റിംഗ് യോഗ്യത നേടിയിട്ടുള്ള പ്രായപരിധി കഴിയാറായ ധാരാളം ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുവാൻ ഇടയാക്കുന്ന സാഹചര്യം ഉണ്ടെന്ന് വിലയിരുത്തുകയും പ്രസ്തുത വിവേചനം ഒഴിവാക്കി എൽ.ഡി. ടൈപ്പിസ്റ്റിന്റെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയി നിലനിർത്തി പുനർവിജ്ഞാപനം ചെയ്യണമെന്നും അതിന് മുൻകാലപ്രാബല്യം ഉണ്ടാകണമെന്നും ഇതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തതനുസരിച്ച് പ്രസ്തുത തസ്തികകളുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി.യായി പി.എസ്.സി. പുനർവിജ്ഞാപനം ചെയ്യുകയുണ്ടായി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രസ്തുത നടപടിയിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

34. സഹകരണ മേഖലയിലെ നിയമനങ്ങൾ സംബന്ധിച്ച് ലഭിച്ച ഒട്ടനവധി പരാതികൾ പരിഗണിച്ച സമിതി, <u>സഹകരണ മേഖലയിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. വഴി കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും അതിനാവശ്യമായ നയപരമായ തീരുമാനമെടുക്കുന്നതിനും ആവശ്യമായ രീതിയിൽ നിയമ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

35. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ യാതൊരുവിധ താൽക്കാലിക നിയമനങ്ങളും നടത്തരുതെന്ന ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവുകൾ ലംഘിച്ച് കെ.എസ്.എഫ്.ഇ.-യിൽ താൽക്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച് സമിതിക്ക് ധാരാളം ഹർജികൾ ലഭിച്ചിരുന്നു. അവ പരിശോധിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്ത സമിതി, കമ്പനി/ബോർഡ്, ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കെ.എസ്.എഫ്.ഇ. അഞ്ചൂറോളം വിമുക്തഭടന്മാരെ പ്രസ്തുത തസ്തികയിൽ താൽക്കാലികമായി നിയമിച്ചിരിക്കുന്നതായ പരാതി സംബന്ധിച്ച റിപ്പോർട്ടിൽ നിന്നും കെ.എസ്.എഫ്.ഇ.-യിലെ ഒഴിവുകൾ ആറുമാസത്തിലൊരിക്കൽ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നും അതനുസരിച്ച് നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് 1017 പേർക്ക് നിയമന ഉത്തരവ് നൽകിയതായും അവരിൽ 820 പേർ ജോലിയിൽ പ്രവേശിച്ചതായും നിയമന ശിപാർശ ലഭിച്ച 198 പേർക്ക് ഉടൻ നിയമന ഉത്തരവ് നൽകുമെന്നും 325 അറ്റൻഡർമാരെ കെ.എസ്.എഫ്.ഇ. നിയമിച്ചതായും സമിതി മനസ്സിലാക്കുന്നു.

36. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനിടയിലുള്ള സമയത്താണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചതെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നടത്തുമ്പോൾ പ്രസ്തുത താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുമെന്നും ആരെയും സ്ഥിരപ്പെടുത്താറില്ലെന്നും തെളിവെടുപ്പിൽ നിന്ന് സമിതിക്ക് വ്യക്തമായി. 1994 മുതൽ കെ.എസ്.എഫ്.ഇ.-യിൽ വിമുക്തഭടന്മാരെ താൽക്കാലിക ജീവനക്കാരായി നിയമിക്കുന്നതായും ഇത് സംബന്ധിച്ച് ചില സംഘടനകളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും മനസ്സിലാക്കുന്ന സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന താൽക്കാലിക നിയമനം നടത്തുന്നതിനു പകരം സ്വകാര്യ ഏജൻസിയെ ആശ്രയിച്ച് നിയമനം നടത്തുന്നത് ഉചിതമല്ലെന്ന് വിലയിരുത്തുന്നു. ആയതിനാൽ <u>കെ.എസ്.എഫ്.ഇ.-യിലെ താൽക്കാലിക നിയമനം സംബന്ധിച്ച് നിലവിലുള്ള കരാറുകൾ അടിയന്തരമായി റദ്ദ് ചെയ്യണമെന്നും കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ പൂർണ്ണമായും ഒഴിവാക്കണമെന്നും പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ അതിൽ നിന്നു മാത്രം നിയമനം നടത്തണമെന്നും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തപ്പോൾ സ്ഥാപനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും സേവന പരിചയവും ഉള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാക്കി നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

37. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സോഷ്യൽ വർക്ക് (ജൂനിയർ/സീനിയർ) തസ്തികയിലേക്ക് എം.എസ്.ഡബ്ല്യു., നെറ്റ്/എം.ഫിൽ./സൈക്കോളജി പാസ്സായ ഉദ്യോഗാർത്ഥി ഷോർട്ട്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ബി.എഡ്. ഇല്ല എന്ന കാരണത്താൽ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കാത്തതായുള്ള പരാതി സംബന്ധിച്ച ഹർജി പരിഗണിച്ച സമിതി, എച്ച്.എസ്.എസ്.ടി. കമ്പ്യൂട്ടർ സയൻസ്, എച്ച്.എസ്.എസ്.ടി. ഇലക്ട്രോണിക്സ് എന്നീ തസ്തികകൾക്ക് ബി.എഡ്. ആവശ്യമില്ല എന്ന് മനസ്സിലാക്കുന്നു. <u>സോഷ്യൽ വർക്കിൽ കേരളത്തിൽ ഒരു സർവ്വകലാശാലയും ബി.എഡ്. നൽകുന്നില്ലായെന്നതും സോഷ്യൽ സ്റ്റഡീസിൽ സോഷ്യൽ വർക്കിന്റെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബി.എഡ്. ഇല്ലാ എന്നതും എം.എസ്.ഡബ്ല്യു. എന്നത് പ്രൊഫഷണൽ യോഗ്യതയാണ് എന്നതും കണക്കിലെടുത്ത് എച്ച്.എസ്.എസ്.ടി. സോഷ്യൽ വർക്ക് തസ്തികയ്ക്ക് ബി.എഡ്. ആവശ്യമില്ലാ എന്ന് വ്യവസ്ഥ ചെയ്യണമെന്നും ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം സോഷ്യൽ വർക്ക് എന്ന വിഷയത്തിനുകൂടി ബി.എഡ്. കോഴ്സ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

38. ചില തസ്തികകളിൽ സ്വന്തം ജില്ലയിൽ പി.എസ്.സി. പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിലൂടെ മറ്റ് ജില്ലകളിൽ നിയമനം ലഭിക്കുമ്പോൾ സാമ്പത്തികമായും കുടുംബപരമായും വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി

വരുന്നുവെന്നും ജോലി കിട്ടിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത അവസ്ഥ യുണ്ടാകുന്നുവെന്നും പരാതിപ്പെട്ടുകൊണ്ട് സമിതിക്ക് പല ഹർജികളും ലഭിച്ചിരുന്നു. മറ്റ് ജില്ലകളിൽ എക്സ്റ്റെൻഷൻ ഓഫീസുകളില്ലാത്ത ഗവ. സെക്രട്ടേറിയറ്റ് പോലുള്ള സ്ഥാപനങ്ങളിലെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തങ്ങളുടെ ഓപ്റ്റഡ് ജില്ലയിലെ ഏത് വകുപ്പിലേക്കും സ്ഥലംമാറ്റം ലഭിക്കുമ്പോൾ അവരുടെ സീനിയോറിറ്റി പി.എസ്.സി.-യുടെ അഡ്വൈസ് തീയതി മുതൽ സംരക്ഷിക്കപ്പെടുമെന്നും സമിതി മനസ്സിലാക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകൾ മുഖാന്തിരം ജില്ലാതല ഓഫീസുകൾ ഇല്ലാത്ത സ്ഥാപനങ്ങളുടെ ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ അന്തർവകുപ്പ് സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുമ്പോൾ അവർ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലെ മറ്റ് ഓഫീസുകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള/അടുത്തുണ്ടാകുന്ന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള ഒഴിവുകളിൽ ടിയാളുടെ അപേക്ഷ പ്രകാരം അവർക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സർക്കാർ ഉത്തരവുകളുടെ അഭാവമല്ല മറിച്ച് സഹായിക്കുവാനുള്ള മനസ്സാണ് ഇല്ലാത്തതെന്ന് വിലയിരുത്തിയ സമിതി ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമനം ലഭിക്കുന്ന ഇതര ജില്ലകളിലെ ഉദ്യോഗസ്ഥരുടെ അന്തർവകുപ്പ് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നിയമനാധികാരികൾ നിർബന്ധമായും പരിഗണിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത നിയമനങ്ങളിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം വേണമോ എന്നത് സംബന്ധിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപുതന്നെ ഉദ്യോഗാർത്ഥികളിൽ നിന്നും ഓപ്ഷൻ സ്വീകരിക്കുന്ന കാര്യം പി.എസ്.സി. പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ഹയർ സെക്കന്ററി സ്കൂളിൽ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് ദിവസ ശമ്പളത്തിനു പകരം ഒരു നിശ്ചിത തുക ശമ്പളം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ പരിഗണിച്ച സമിതി ഗസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ നൽകി വരുന്ന ശമ്പളം വളരെ തുച്ഛമാണെന്ന് വിലയിരുത്തുന്നു. ജൂനിയർ അദ്ധ്യാപകർക്ക് 10,000 രൂപയും സീനിയർ അദ്ധ്യാപകർക്ക് 12,000 രൂപയും പ്രതിമാസം മിനിമം വേതനം ലഭിക്കത്തക്കവിധത്തിൽ ഹയർ സെക്കന്ററി ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനം സംബന്ധിച്ച് നിയമന ശിപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് ലഭിക്കാത്തത്, ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത്, നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ താൽക്കാലിക നിയമനം നടത്തുന്നത്, വിവിധ തസ്തികകൾക്ക് ഒരു റാങ്ക് ലിസ്റ്റ്

തയ്യാറാക്കി നിയമനം നടത്തുന്നതിലെ അപാകത, അദ്ധ്യാപക നിയമനത്തിന് അക്കാഡമിക് വെയിറ്റേജ് നൽകുന്നതിലെ അപാകത തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച ഹർജികൾ സമിതി പരിഗണിക്കുകയും ധാരാളം ഹർജികൾക്ക് പരിഹാരം കാണുകയും ചെയ്തു. നിയമന ശിപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് ലഭിക്കാതിരുന്ന നിരവധി ഹർജിക്കാർക്ക് സമിതിയുടെ ഇടപെടൽമൂലം അടിയന്തരമായി നിയമനം ലഭിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

41. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്നും റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നത് ഒഴിവാക്കുവാൻ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ തസ്തികകളിലേക്ക് പി.എസ്.സി. ഒരു പരീക്ഷ മാത്രം നടത്തുകയും അതിൽനിന്ന് കുറച്ചുപേരെ ജൂനിയർ നിയമനം നടത്തുന്ന രീതി തീർത്തും അശാസ്ത്രീയമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ, സീനിയർ എന്നീ രണ്ട് തസ്തികകൾക്കും വെവ്വേറെ പരീക്ഷ നടത്തി നിയമനം നടത്തുക അല്ലെങ്കിൽ എല്ലാ ഹയർ സെക്കന്ററി അദ്ധ്യാപകരെയും ആദ്യം ജൂനിയറായി നിയമിച്ചതിനുശേഷം 5 വർഷം പൂർത്തീകരിച്ച അദ്ധ്യാപകർക്ക് സീനിയർ ആയി പ്രൊമോഷൻ നൽകത്തക്കവിധം സീനിയർ തസ്തിക ആവശ്യമുള്ള സ്കൂളുകളിൽ നിയമിക്കുന്നതിന് ആവശ്യമായ ഭേദഗതി സ്പെഷ്യൽ റൂളിൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

43. വൊക്കേഷണലായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയതും തൊഴിലധിഷ്ഠിതവും ജോലിസാധ്യത ഏറെയുള്ളതുമായ വി.എച്ച്.എസ്.ഇ. കോഴ്സുകളിലേക്ക് ഇപ്പോൾ വളരെയധികം വിദ്യാർത്ഥികൾ അപേക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം കോഴ്സുകൾ പഠിപ്പിക്കുന്നതിനായി പല സ്കൂളുകളിലും വി.എച്ച്.എസ്.ഇ.-യ്ക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നവീകരണം നടന്നിട്ടില്ലാത്തത് പഠനപ്രക്രിയയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ കെട്ടിടങ്ങൾക്ക് ആവശ്യമായ നവീകരണ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. വി.എച്ച്.എസ്.ഇ.-യ്ക്കും ഹയർ സെക്കന്ററിക്കും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ, ലൈബ്രേറിയൻ, നോൺ ടീച്ചിങ്ങ് സ്റ്റാഫ്, ജില്ലാതല ഓഫീസുകൾ എന്നിവ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് തെളിവെടുപ്പ് യോഗത്തിൽ

സമിതി നിർദ്ദേശിച്ചതനുസരിച്ച് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ലൈബ്രേറിയൻ, നോൺ ടീച്ചിങ്ങ് സ്റ്റാഫ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

45. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ വി.എച്ച്.എസ്.ഇ.-യിൽ ക്ലറിക്കൽ/മിനിസ്റ്റീരിയൽ സ്റ്റാഫിൽപ്പെട്ട ഇരുപതോളംപേർ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ എൻ.വി.റ്റി. ഇംഗ്ലീഷ് അദ്ധ്യാപകരായി ജോലി ചെയ്യുന്നതിനാൽ പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കാത്തത് സംബന്ധിച്ച ഹർജിയിന്മേൽ 15 വർഷത്തോളമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവരെ മാതൃജോലിയിലേക്ക് തിരികെ വിടുവാൻ സർക്കാർ ഉത്തരവുണ്ടായിട്ടും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവരിൽ പലരും അടുത്ത വർഷങ്ങളിൽ പെൻഷനാകുന്നവരാണ് എന്ന ന്യായേന ആയത് ചെയ്യാതിരിക്കുകയാണ് എന്ന് സമിതിക്ക് മനസ്സിലാകുന്നു. നേരത്തെതന്നെ അനദ്ധ്യാപക തസ്തികയിൽ ജോലി ലഭിച്ച ഇവർ ഇത്രയുംകാലം അദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തുവെങ്കിലും സ്വാധീനംമൂലം പ്രസ്തുത തസ്തികയിൽ തുടരുവാൻ അവരെ അനുവദിക്കുന്നത് അംഗീകരിക്കാനാവില്ല. ഒരു ജോലി ലഭിക്കുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ കണ്ടില്ലെന്നു നടിക്കുവാനും സമിതിക്ക് കഴിയില്ല. ആയതിനാൽ വി.എച്ച്.എസ്.ഇ.-യിൽ എൻ.വി.റ്റി. ഇംഗ്ലീഷ് അദ്ധ്യാപകരായി വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നവരെ അടിയന്തരമായി മാതൃ തസ്തികയിലേക്ക് മാറ്റുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും കാലാവധി അവസാനിക്കുന്നതിനു മുമ്പുതന്നെ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. വി.എച്ച്.എസ്.ഇ.-യിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റംവഴി അദ്ധ്യാപകരായി വി.എച്ച്.എസ്.ഇ.-യിൽ നിയമനം നൽകുന്നതുപോലെ ഹയർ സെക്കന്ററി സ്കൂൾ, എ.ഇ.ഒ., ഡി.ഡി.ഇ. മുതലായ ഓഫീസുകളിലെ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള ലാബ് അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവർക്ക് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് ബൈ ട്രാൻസ്ഫർവഴി നിയമനം നൽകുന്ന കാര്യം പരിഗണിക്കണമെന്നും സ്പെഷ്യൽ റൂളിൽ ഇതു സംബന്ധിച്ച് ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

47. പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് പി.എസ്.സി. നിയമന ശിപാർശ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാത്തത്, ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത്, അദ്ധ്യാപക നിയമനത്തിൽ അക്കാദമിക് വെയിറ്റേജ്

ആവശ്യമുള്ള ക്യുറേറ്റർ ഗ്രേഡ് II ഗാർഡനർ തസ്തികയാണെന്ന് മനസ്സിലാക്കിയപ്പോൾ പി.എസ്.സി. ഹർജിക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് നിയമന ശിപാർശ റദ്ദ് ചെയ്യുകയുമുണ്ടായിയെന്നും സമിതി മനസ്സിലാക്കുന്നു.

54. എന്നാൽ അത് ഹർജിക്കാരന്റെ തെറ്റല്ലെന്നും ആയതിനാൽ പി.എസ്.സി./ നിയമനാധികാരിക്ക് തെറ്റുപറ്റിയതുമൂലം ഹർജിക്കാരന് കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ട സാഹചര്യത്തിൽ നിയമന ശിപാർശ ലഭിച്ച മ്യൂസിയം & മൃഗശാല വകുപ്പിൽ തന്നെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഹർജിക്കാരന് നിയമനം നൽകി പ്രശ്നം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. കേരളാ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ ബോട്ട് ഡ്രൈവർ തസ്തികയുള്ള സർട്ടിഫിക്കറ്റ് പരിശോധന 2011-ൽ നടത്തിയെങ്കിലും മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റിന്റെ സർട്ടിഫിക്കറ്റ് ഓഫ് കോമ്പിറ്റൻസി ആസ് എഞ്ചിൻ ഡ്രൈവർ ഓഫ് മോട്ടോർ വെസ്സൽസ് യോഗ്യതയുള്ള ഹർജിക്കാരന് നിയമനം ലഭിച്ചിട്ടില്ലെന്ന് പരാതിപ്പെട്ട് ലഭിച്ച ഹർജി സമിതി പരിഗണിച്ചു. മെർക്കന്റൈൽ ആന്റ് മറൈൻ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഡ്രൈവിംഗ് ലൈസൻസാണ് പ്രസ്തുത തസ്തികയുടെ യോഗ്യത എന്നാണ് റിക്രൂട്ട്മെന്റ് ചട്ടത്തിൽ പറഞ്ഞിരിക്കുന്നത്. ആ യോഗ്യതകൾ മാത്രമേ പി.എസ്.സി.-ക്ക് സ്വീകരിക്കുവാൻ അധികാരമുള്ളൂ. നേരത്തെ തത്തുല്യ യോഗ്യതകൾ പി.എസ്.സി. അംഗീകരിച്ചിരുന്നുവെങ്കിലും സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ഇപ്പോൾ അതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് ഓഫ് കോമ്പിറ്റൻസി ആസ് എഞ്ചിൻ ഡ്രൈവർ ഓഫ് മോട്ടോർ വെസ്സൽസ് എന്ന മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റിന്റെ സർട്ടിഫിക്കറ്റ് യോഗ്യതയായി അംഗീകരിക്കാമെന്ന അഭിപ്രായം കെ.എസ്.ഐ.ഡി.സി.ക്കുണ്ടെങ്കിലും റിക്രൂട്ട്മെന്റ് റൂൾ ഭേദഗതി ചെയ്താൽ മാത്രമേ പി.എസ്.സി.-ക്ക് അത് അംഗീകരിക്കാൻ സാധിക്കുകയുള്ളൂ എന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്താൽ 2011 മുതൽ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ ബോട്ട് ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടക്കുന്നില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെ.എസ്.ഐ.ഡി.സി. സർക്കാരുമായി ആലോചിച്ച് ഒരു പ്രൊപ്പോസലുണ്ടാക്കി, പ്രസ്തുത തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റ് അംഗീകരിക്കണമെന്നും റിക്രൂട്ട്മെന്റ് റൂൾസിൽ ഇതിന് ആവശ്യമായ ഭേദഗതി വരുത്തി പി.എസ്.സി.ക്ക് നൽകി നിയമന നടപടി ത്വരിതപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

56. അങ്കമാലി ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കീഴിലുള്ള ലാബ് ടെക്നീഷ്യൻ ഡിപ്ലോമാ കോഴ്സ് പാസ്സായ ഹർജിക്കാരി ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേക്കുള്ള പി.എസ്.സി. പരീക്ഷയ്ക്ക്

ശേഷം ഇന്റർവ്യൂവിന് ഹാജരായി എങ്കിലും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ലെന്ന പരാതി സമിതി പരിശോധിച്ചു. ലേബർ ആന്റ് റീഹാബിലിറ്റേഷൻ വകുപ്പിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർക്ക് അയച്ച ഒരു കത്തിൽ പ്രസ്തുത യോഗ്യതയ്ക്ക് പി.എസ്.സി. അംഗീകാരം ഉള്ളതായി ഉദ്യോഗാർത്ഥി പറയുന്നുണ്ടെങ്കിലും പ്രസ്തുത കോഴ്സിന് ഗവൺമെന്റ് അംഗീകാരമില്ലാത്തതുകൊണ്ടാണ് ആയത് അംഗീകരിക്കാത്തതെന്നും ഗവൺമെന്റ് ഉത്തരവുണ്ടെങ്കിൽ മാത്രമേ പ്രസ്തുത യോഗ്യത പി.എസ്.സി. അംഗീകരിക്കാറുള്ളുവെന്നും അല്ലാതെ ഒരു യോഗ്യതയും പി.എസ്.സി. സ്വമേധയാ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാറില്ലെന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യത മാത്രമേ പി.എസ്.സി.ക്ക് അംഗീകരിക്കുവാൻ കഴിയുകയുള്ളു എന്നും കെ.എസ്.എസ്.ആർ.-ലെ 10(A)(2)-ലെ വ്യവസ്ഥ അനുസരിച്ച് തത്തുല്യ യോഗ്യതയായി പ്രഖ്യാപിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇതിനായി ആവശ്യമാണ് എന്നും മനസ്സിലാക്കുന്ന സമിതി, <u>ഹർജിക്കാരി ഉള്ളടക്കം ചെയ്തിരിക്കുന്ന ഗവൺമെന്റ് കത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ നടത്തുന്ന ലാബ് ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് അംഗീകരിക്കാമെന്നുള്ള നിർദ്ദേശം പി.എസ്.സി.-ക്ക് ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ എന്ന് വകുപ്പ് പരിശോധിക്കണമെന്നും അല്ലാത്തപക്ഷം ആയത് പരിഗണിക്കണമെന്നും ശിപാർശ ചെയ്യുന്നു.</u>

57. എറണാകുളം സിവിൽ ജുഡീഷ്യൽ സർവ്വീസിലെ പ്രോസസ് സർവ്വർ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരാളെപ്പോലും നിയമിക്കാത്തതായുള്ള പരാതിയിന്മേൽ ലഭിച്ച ഗവൺമെന്റ് റിപ്പോർട്ടിൽ പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ വഴിയാണ് നിയമനം നടത്തുന്നതെന്നും നിയമപ്രകാരം ഉദ്യോഗാർത്ഥികളില്ലാതെ വരുമ്പോൾ മാത്രമേ നേരിട്ട് നിയമനം നടത്താറുള്ളുവെന്നും പി.എസ്.സി.-ക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യാതെയാണ് പി.എസ്.സി. പ്രസ്തുത പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഒരു ജില്ലയിലെ ഒഴിവ് റിപ്പോർട്ട് ചെയ്താൽ ആ ജില്ലയോടൊപ്പംതന്നെ മറ്റ് ജില്ലകൾക്കും പ്രസ്തുത തസ്തികയ്ക്കായി നോട്ടിഫിക്കേഷൻ നടത്തുമെന്നും ഏതെങ്കിലും ജില്ലയിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഒഴിവ് ഇല്ലെങ്കിൽ ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷം വരെ നീട്ടിക്കൊടുക്കുമെന്നുമുള്ള സർക്കാർ വിശദീകരണം തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുന്നു. ചില വകുപ്പുകൾ ഒഴിവുകളെല്ലാം തന്നെ ബൈ ട്രാൻസ്ഫർവഴി നികത്തുന്ന നടപടി ശരിയല്ലെന്നും ഓരോ തസ്തികയ്ക്കും ഒരു നിശ്ചിത ശതമാനം ഒഴിവ് നേരിട്ടുള്ള നിയമനത്തിന് മാറ്റിവയ്ക്കണമെന്നും ശിപാർശ ചെയ്യുകയും ചെയ്യുന്നു.

58. ഭാഷാ വൈദഗ്ധ്യം ആവശ്യമുള്ള ഭാഷാ അദ്ധ്യാപക തസ്തികകളിലേക്കും അവലോകന വൈദഗ്ദ്ധ്യവും ഭാഷാ പരിജ്ഞാനവും ആവശ്യമായ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി.സി. തുടങ്ങിയ തസ്തികകളിലേക്കും ഒ.എം.ആർ. ടെസ്റ്റ് നടത്തുന്നതിലെ അനൗചിത്യം വിലയിരുത്തിയ സമിതി, ഉദ്യോഗാർത്ഥിയുടെ ഭാഷാ പരിജ്ഞാനവും വിവേചന ബുദ്ധിയും കൃത്യമായി അളക്കുന്നതിന് വിവരണാത്മക പരീക്ഷയ്ക്ക് മാത്രമേ കഴിയുകയുള്ളുവെന്ന് നിരീക്ഷിക്കുന്നു. ആയതിനാൽ ഭാഷാദ്ധ്യാപക തസ്തികകളിലേക്കും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി.സി. തസ്തികകളിലേക്കും ഒ.എം.ആർ. പരീക്ഷ ഒഴിവാക്കി വിവരണാത്മക പരീക്ഷതന്നെ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള വികലാംഗരെ അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും വികലാംഗ നിയമനത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾ പി.എസ്.സി. നിയമനങ്ങൾക്കും ബാധകമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മിശ്രവിവാഹിതരായ വികലാംഗരെ അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനത്തിന് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. നൂറുകണക്കിന് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ട് പരീക്ഷ നടത്താതെയും പരീക്ഷ നടത്തി വളരെക്കാലമായിട്ടും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാതെയുമിരിക്കുന്ന പി.എസ്.സി. കൂടുതൽപ്പേർ എഴുതുന്ന എൽ.ജി.എസ്., എൽ.ഡി. ക്ലാർക്ക്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലുള്ള പരീക്ഷകൾക്ക് ഒരു റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾതന്നെ അടുത്ത പരീക്ഷ നടത്തുകയും മറ്റ് ചെറിയ പരീക്ഷകൾ നടത്താതിരിക്കുകയും ചെയ്യുന്നത് കോച്ചിംഗ് സെന്ററുകൾക്കും തൊഴിൽ പ്രസിദ്ധീകരണങ്ങൾക്കും മാത്രമേ ഗുണകരമാകൂ എന്നും ഒരു റാങ്ക് ലിസ്റ്റിൽനിന്ന് പതിനഞ്ച് ശതമാനം പേർക്കുപോലും നിയമനം നൽകി കഴിയുന്നതിന് മുൻപ്, കൂടുതൽപ്പേർ എഴുതുന്ന പരീക്ഷകൾ നടത്തുന്നതിലെ ഉദ്ദേശ്യശുദ്ധിയെപ്പറ്റി സംശയിച്ചുകൊണ്ടും പല ഹർജികളും സമിതിക്ക് ലഭിക്കുകയുണ്ടായി. 2012-ൽ നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ വിജ്ഞാപനം വരുന്നതിന് മുൻപ് ടി തസ്തികയ്ക്ക് ഡി.സി.എ. വേണമെന്ന് പി.എസ്.സി. നിർദ്ദേശമുണ്ടായിരുന്നെങ്കിലും പിന്നീട് വിജ്ഞാപനത്തിൽ ഡി.സി.എ. ഉപേക്ഷിച്ചത് കമ്പ്യൂട്ടർ കോച്ചിംഗ് സെന്ററുകളെ സഹായിക്കുവാനാണോ എന്നും ഹർജികളിൽ സംശയം പ്രകടിപ്പിച്ചിരുന്നു. ഒരു ലിസ്റ്റ് നിലവിൽ വന്നാൽ അതിൽനിന്ന് 75%പേർക്കെങ്കിലും നിയമനം നൽകിയതിനുശേഷം മാത്രം പുതിയ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും ഇതിന് സമിതിയുടെ നിർദ്ദേശമുണ്ടാകണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നു.

61. ചില പ്രത്യേക തസ്തികകൾക്ക് അമിതപ്രാധാന്യം നൽകി ആരുടെയെങ്കിലും താത്പര്യങ്ങൾ സംരക്ഷിക്കുവാൻ പി.എസ്.സി. ശ്രമിക്കുന്നു എന്നത് തികച്ചും അടിസ്ഥാനരഹിതമാണെന്നും പരീക്ഷാ നടത്തിപ്പും അനുബന്ധ ജോലികളും നടത്തി നിയമന ശിപാർശ നൽകുന്ന ഭാരിച്ച ഉത്തരവാദിത്വമാണെന്നും പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ നിന്നും അതതു വകുപ്പുകൾ എഴുതി അറിയിക്കുന്ന ഒഴിവുകൾക്ക് അനുസൃതമായാണ് നിയമന ശിപാർശ നടത്തുന്നതെന്നും സർക്കാർ ഉത്തരവ് പ്രകാരമാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് ഡി.സി.എ. യോഗ്യത ഉൾപ്പെടുത്തിയതെന്നും എന്നാൽ സ്പെഷ്യൽ റൂളിന്റെ അഭാവത്തിലാണ് ഡി.സി.എ. ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിവന്നതെന്നും സർക്കാർ വിശദീകരണം നൽകി. ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ അതിന്റെ കാലാവധി സംബന്ധിച്ച് നിർദ്ദിഷ്ടമായ ചട്ടങ്ങൾ നിലവിലുള്ളതിനാൽ ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊണ്ട് പോകണമെന്ന പരാതിക്കാരിയുടെ ആവശ്യം പരിഗണിക്കാനാവില്ല എന്നും പി.എസ്.സി.ക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുന്നതിനായി ഹർജി പി.എസ്.സി.-യുടെ ഇന്റേണൽ വിഭാഗത്തിന് കൈമാറിയിട്ടുള്ളതായും സർക്കാർ അറിയിച്ചിരുന്നു.

62. എന്നാൽ നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി മുൻപാകെ യാതൊരു രേഖയുടെയും പിൻബലമില്ലാതെ ഒരു ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് കേരള പി.എസ്.സി.-യെ അധിക്ഷേപിക്കുന്ന തരത്തിൽ പരാതി നൽകിയിരിക്കുന്നതിനാൽ, ഹർജിക്കാരിക്കെതിരെ പി.എസ്.സി.-യുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 22(vi), 22(ix) വകുപ്പുകൾ പ്രകാരം ഹർജിക്കാരിയുടെ പ്രവൃത്തികൾ നടപടിദൂഷ്യമായി കണക്കാക്കി ഹർജിക്കാരി അപേക്ഷിച്ചിട്ടുള്ള ജോലിയിലേക്ക് പരിഗണിക്കുന്നതിൽ നിന്നും കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും അപേക്ഷ അയയ്ക്കുന്നതിൽ നിന്നും ഏതെങ്കിലും റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിൽനിന്ന് നീക്കം ചെയ്യുന്നതിൽ നിന്നും ഒരു വർഷത്തേക്ക് താത്കാലികമായി വിലക്കേർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നതായും ഇതിന്മേൽ ആക്ഷേപമുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം രേഖാമൂലം അറിയിക്കണം എന്നും കാണിച്ച് ഇന്റേണൽ വിജിലൻസ് ഓഫീസർ ഒപ്പിട്ട കത്ത് ലഭിച്ചിരിക്കുന്നതിനാൽ സമിതി മുൻപാകെ സമർപ്പിച്ച ഹർജി പിൻവലിക്കാൻ അനുവദിക്കണം എന്നാവശ്യപ്പെട്ട് ഹർജിക്കാരിയുടെ ഭാഗത്തുനിന്ന് ഒരു തുടർഹർജി സമിതിക്ക് ലഭിക്കുകയുണ്ടായി.

63. പി.എസ്.സി.-യിൽ നിന്നും ലഭിച്ച കാരണം കാണിക്കൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ വളരെ ഹൃദയവ്യഥയോടെ ദരിദ്ര കുടുംബത്തിന്റെ അവസ്ഥ വിശദീകരിച്ചുകൊണ്ടും കഷ്ടപ്പെട്ട് പഠിച്ച് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ട്

ജോലിക്ക് പ്രതിബന്ധം ഉണ്ടാകുന്നതിൽ ആകുലപ്പെട്ടുകൊണ്ടും ഉൾപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുമോ എന്ന ആശങ്കയാലും യുവജനക്ഷേമ സമിതിക്ക് പരാതി നൽകിപ്പോയതാണെന്നും എത്രയുംവേഗം പരാതി പിൻവലിച്ചുകൊള്ളാമെന്നും മേലിൽ പി.എസ്.സി.ക്കെതിരെ യാതൊരു ആക്ഷേപവും ഉന്നയിക്കില്ലെന്നും യുവജനക്ഷേമ സമിതിക്ക് പരാതി നൽകുകവഴി, കേരള പി.എസ്.സി.യെ യാതൊരു വിധത്തിലും കളങ്കപ്പെടുത്താനോ മാനഹാനി വരുത്താനോ ഉദ്ദേശിച്ചിട്ടില്ലായിരുന്നെന്നും ഹർജിക്കാരി തുടർഹർജിയിൽ സൂചിപ്പിച്ചിരുന്നു.

64. ഒരു ഉദ്യോഗാർത്ഥി നിയമസഭാ സമിതിക്ക് പരാതി നൽകിയതിനാൽ, കേരള പി.എസ്.സി.-യിൽനിന്ന് അച്ചടക്ക നടപടി നേരിടേണ്ടിവരുന്നു എന്നത് തികച്ചും അന്യായമാണെന്നും ഇത്തരം ഒരു നടപടിയെക്കുറിച്ച് പി.എസ്.സി.-യുടെ ഭാഗത്തുനിന്ന് സമിതിക്ക് യാതൊരു അറിയിപ്പും നൽകിയിട്ടില്ല എന്നതും സമിതി ഗൗരവമായി പരിഗണിക്കുന്നു.

65. കേരളത്തിലെ ഏതൊരു പൗരനും നിയമസഭാ സമിതിക്ക് മുന്നിൽ അവരുടെ പരാതികളും ആവലാതികളും ബോധിപ്പിക്കുവാനുള്ള അവകാശമുണ്ടെന്നും അവ പരിശോധിക്കുന്നതിന് സമിതിക്ക് അധികാരമുണ്ടെന്നും അഭിപ്രായപ്പെടുകയും അപ്രകാരം സമിതിക്ക് സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ, സമിതി മുൻപാകെ പരാതി ബോധിപ്പിച്ചത് ഗൗരവമായ തെറ്റായി വ്യാഖ്യാനിച്ച് അതിന്റെ പേരിൽ പരാതിക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച നടപടി പി.എസ്.സി.-യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും നിയമസഭയോടും നിയമസഭാ സമിതിയോടുമുള്ള കടുത്ത അനാദരവും അവകാശലംഘനവുമാണെന്നും വിലയിരുത്തുകയും ഉദ്യോഗാർത്ഥിയുടെമേൽ സ്വീകരിച്ച പ്രസ്തുത നടപടി ആയത് ഉത്തരവായ തീയതി മുതൽതന്നെ റദ്ദാക്കുവാൻ പി.എസ്.സി.-ക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കൂടാതെ നിയമസഭയേയും നിയമസഭാ സമിതിയേയും അവഹേളിക്കുന്ന തരത്തിൽ ഇത്തരത്തിലുള്ള നടപടി പി.എസ്.സി. കൈക്കൊണ്ടതിൽ ഉത്തരവാദികളായ ബന്ധപ്പെട്ടവർക്കെതിരെ അവകാശലംഘനത്തിന് ശിപാർശ ചെയ്യാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് ഏഴ് ദിവസത്തിനകം സമിതിയെ ബോധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

66. ആയതിന് സംസ്ഥാന നിയമസഭയോടും വിവിധ സഭാസമിതികളോടും ആദരപൂർണ്ണമായ പെരുമാറ്റം മാത്രമെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളൂ എന്നും സഭാസമിതിക്ക് നൽകിയ പരാതിയുടെ മറുപടി നൽകുന്നതിനൊപ്പം പി.എസ്.സി.ക്കെതിരെ ആക്ഷേപമുണ്ടെങ്കിൽ ആയത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്വവും കമ്മീഷനുണ്ട്

എന്നതിനാലാണ് ഉദ്യോഗാർത്ഥിയോട് അവർ ഉന്നയിച്ച ആക്ഷേപത്തിന് ആധാരമായ തെളിവ് നൽകുന്നതിന് ആവശ്യപ്പെട്ടതെന്നും നിയമസഭാ സമിതിക്ക് പരാതി നൽകിയതുകൊണ്ടല്ല, മറിച്ച് പി.എസ്.സി.ക്കെതിരെ വ്യാജ ആരോപണങ്ങളുന്നയിച്ച് പി.എസ്.സി.-യുടെ യശസ്സിനും വിശ്വാസ്യതയ്ക്കും കളങ്കം ഉണ്ടാക്കാൻ ശ്രമിച്ചതിനാലാണ് നടപടി സ്വീകരിച്ചതെന്നും നടപടി സ്വീകരിക്കാൻ ചട്ടപ്രകാരം അധികാരമുള്ളതിനാൽ ഉദ്യോഗാർത്ഥിക്കെതിരെ സ്വീകരിച്ച നടപടി അവഹേളനമായി കാണരുതെന്ന് അപേക്ഷിക്കുന്നുവെന്നും ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ ശക്തമായ താക്കീതായി ലഘൂകരിച്ചിട്ടുണ്ട് എന്നുമുള്ള പി.എസ്.സി.-യുടെ മറുപടി പരിഗണിച്ച സമിതി നിയമസഭാ സമിതിക്ക് പരാതി നൽകുന്ന ഹർജിക്കാർക്കെതിരെ താക്കീത് ഉൾപ്പെടെയുള്ള യാതൊരുവിധ അച്ചടക്ക നടപടികളും സ്വീകരിക്കാൻ പാടില്ലെന്ന് ശക്തമായി നിർദ്ദേശിക്കുകയും സമിതിയുടെ നിർദ്ദേശത്തെത്തുടർന്ന് പി.എസ്.സി. ഹർജിക്കാരിക്കെതിരെ ഏർപ്പെടുത്തിയ വിലക്ക് റദ്ദ് ചെയ്യുകയും ഉണ്ടായി. ഇക്കാര്യങ്ങളെല്ലാം നേരിട്ട് ബോദ്ധ്യപ്പെടുന്നതിനായി ഇത് സംബന്ധിച്ച് പി.എസ്.സി. സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ പി.എസ്.സി. സെക്രട്ടറി പരാതി സംബന്ധിച്ച് വിശദീകരണം നൽകി.

67. ബഹു. കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി മുമ്പാകെ പരാതി സമർപ്പിച്ചതിനാലല്ല, മറിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെതിരെ തെളിവുകളുടെ പിൻബലമില്ലാതെ ആരോപണം ഉന്നയിക്കുന്നത് പ്രോൽസാഹിപ്പിക്കപ്പെടാവുന്ന കാര്യമല്ലാത്തതിനാലാണ് ശ്രീമതി സുചിത്ര, എസ്.-ന് എതിരെ നടപടി സ്വീകരിച്ചത് എന്നും ഇതുമൂലം ഏതെങ്കിലും തരത്തിലുള്ള അഹിതം കമ്മിറ്റിക്ക് തോന്നിയിട്ടുണ്ടെങ്കിൽ നിരുപാധികം മാപ്പപേക്ഷിക്കുന്നതായും പി.എസ്.സി. സെക്രട്ടറി അറിയിച്ചു. പി.എസ്.സി.-യുടെ ഭാഗത്തുനിന്നുമുള്ള നിർവ്യാജമായ ഖേദപ്രകടനം പരിഗണിച്ച സമിതി നിയമസഭാ സമിതിക്ക് നൽകിയ പരാതിയുടെ ഉള്ളടക്കത്തിലെ ന്യായാന്യായങ്ങളുടെ പേരിൽ പി.എസ്.സി. പോലുള്ള ഒരു സ്ഥാപനം പരാതി നൽകിയവർക്കെതിരെ നടപടി സ്വീകരിച്ചത് നിയമസഭയോടും നിയമസഭാ സമിതിയോടുമുള്ള അനാദരവായി വിലയിരുത്തുകയും ആയത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. പി.എസ്.സി.-യുടെ ഖേദപ്രകടനത്തിലും മറുപടിയിലും സമിതിക്ക് പൂർണ്ണ തൃപ്തിയില്ല. എന്നിരുന്നാലും ഇത്തരം ഭരണഘടനാ സ്ഥാപനങ്ങൾ പരസ്പര ബഹുമാനത്തോടെ ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കേണ്ടതാണെന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ നടപടിയിലേക്ക് പോകാൻ സമിതി ആഗ്രഹിക്കുന്നില്ല. മേലിൽ പി.എസ്.സി.-യുടെ ഭാഗത്തുനിന്നുള്ള ഇത്തരം തെറ്റായ പ്രവണതകൾ ഒഴിവാക്കപ്പെടേണ്ടതാണെന്നുള്ള കർശന നിർദ്ദേശം നൽകണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകുന്നു.

68. കൂടാതെ ഉദ്യോഗാർത്ഥിയുടെമേൽ സ്വീകരിച്ച താക്കീത് നടപടിയുടെ പേരിൽ പ്രസ്തുത ഉദ്യോഗാർത്ഥിക്ക് ഭാവിയിൽ യാതൊരു ബുദ്ധിമുട്ടും പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ലെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

69. സമയബന്ധിതമായി വിജ്ഞാപനമിറക്കുന്നതിലും പരീക്ഷകൾ, രേഖാ പരിശോധന, മൂല്യനിർണ്ണയം എന്നിവ യഥാസമയം നടത്തുന്നതിനും സാധ്യതാ ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുന്നതിലും പി.എസ്.സി.യിൽ ഉണ്ടാകുന്ന കാലതാമസം ജീവനക്കാരുടെ കുറവുകൊണ്ടാണെന്നും ആയത് പരിഹരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ചില തസ്തികകളിലേക്ക് മാത്രം കൃത്യമായ ഇടവേളകളിൽ വിജ്ഞാപനമിറക്കുകയും പരീക്ഷ നടത്തുകയും ചെയ്യുന്നതിൽ പി.എസ്.സി.ക്കെതിരെ ആക്ഷേപമുയർന്നിട്ടുണ്ട്. വിജ്ഞാപനമിറക്കിയിട്ട് 5-ഉം 6-ഉം വർഷങ്ങൾ പിന്നിട്ട ധാരാളം തസ്തികകളിൽ നിയമന പ്രക്രിയ നടത്താതെ എൽ.ഡി.സി., എൽ.ജി.എസ്., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾക്ക് റാങ്ക് ലിസ്റ്റ് നിലനിൽക്കേതന്നെ പുതിയ വിജ്ഞാപനമിറക്കുവാൻ തിടുക്കംകാട്ടുന്നത് കോച്ചിംഗ് സെന്ററുകൾക്കും തൊഴിൽ പ്രസിദ്ധീകരണങ്ങൾക്കും മാത്രമേ ഉപയോഗപ്രദമാകൂ എന്ന ഉദ്യോഗാർത്ഥികളുടെ ആശങ്ക തള്ളിക്കളയുവാൻ സമിതിക്കാവില്ല.

70. അചിന്തനീയമായ തോതിൽ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കുകയും കൈകാര്യം ചെയ്യുകയും പരീക്ഷകൾ നടത്തുകയും ചെയ്യുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. പി.എസ്.സി. ഓരോ വർഷവും ശരാശരി 6000000 അപേക്ഷകൾ കൈകാര്യം ചെയ്യുകയും 3500-ൽ അധികം തസ്തികകളിലേക്ക് അഡ്വൈസ് ചെയ്യുകയും 600-ൽ അധികം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയും 300-ഓളം പരീക്ഷകൾ നടത്തുകയും ചെയ്യുന്നത് പരിമിത സൗകര്യങ്ങളോടെയാണ്. 14 ജില്ലാ ഓഫീസുകളിലും മൂന്ന് റീജിയണൽ ഓഫീസുകളിലുമായി രണ്ടായിരത്തിൽ താഴെമാത്രമാണ് ജീവനക്കാരുള്ളത്. ഉദ്യോഗസ്ഥരുടെ അഭാവം പി.എസ്.സി.-യുടെ പ്രവർത്തനങ്ങളെ പലപ്പോഴും മന്ദഗതിയിലാക്കുന്നുണ്ടെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. പി.എസ്.സി.-യുടെ റിക്രൂട്ട്മെന്റ് വിഭാഗത്തിലാണ് ജോലിഭാരം കൂടുതലുള്ളതെന്നതിനാൽ ഈ വിഭാഗത്തിലേക്കായി കൂടുതലായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. ഒഴിവുള്ള തസ്തികകളിലേക്ക് യഥാസമയം പരീക്ഷകൾ നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ട ഭരണഘടനാപരമായ ബാദ്ധ്യത പി.എസ്.സി.ക്കുണ്ട്. ചില തസ്തികകളിൽ അനാവശ്യ ധൃതി കാണിച്ച് പരീക്ഷകൾ നടത്തുകയും എന്നാൽ

മറ്റ് ചില തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് 8-9 വർഷമായിട്ടും പരീക്ഷ നടത്താതിരിക്കുകയും നടത്തിയ പരീക്ഷകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുകയും ചെയ്യുന്നതായി സമിതിക്ക് ധാരാളം ഹർജികൾ ലഭിച്ചിട്ടുണ്ട്. യുവജനങ്ങളുടെ കാത്തിരിപ്പിനെ പരീക്ഷിക്കുന്ന ഇത്തരം നിലപാട് ഒഴിവാക്കിയേ മതിയാകൂ. പി.എസ്.സി.-യുടെ സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് പരീക്ഷാ നടത്തിപ്പ് സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നതെന്നാണ് ഇതു സംബന്ധിച്ച പി.എസ്.സി. നിലപാട്. പി.എസ്.സി. പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരിക്കലും പ്രതിബന്ധമാകരുത്. ആയതിനാൽ <u>പി.എസ്.സി.-ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

72. യോഗ്യതയില്ലാത്തവരെ പി.എസ്.സി. പരീക്ഷയുടെ ഇൻവിജിലേറ്റർമാരായി നിയമിക്കുന്നതു സംബന്ധിച്ച ഹർജിയിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടിൽ പി.എസ്.സി. പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും പി.എസ്.സി.-യുടെ അധികാരപരിധിയിൽപ്പെടുന്ന വിഷയമായതിനാൽ സർക്കാർ തലത്തിൽ നടപടികളൊന്നും സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്നാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അറിയിച്ചിരിക്കുന്നത്. പി.എസ്.സി. പരീക്ഷാ നടത്തിപ്പ് സുഗമവും കാര്യക്ഷമവുമാക്കേണ്ടത് തൊഴിലന്വേഷകരായ യുവാക്കളെ സംബന്ധിച്ച ഒരു പ്രധാന വിഷയമായതിനാൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന ഗവൺമെന്റ് നിലപാട് സമിതിക്ക് അംഗീകരിക്കാനാവില്ല. ആയതിനാൽ <u>പരീക്ഷാ ഇൻവിജിലേറ്റർമാരായി നിയോഗിക്കപ്പെടുന്നവർക്ക് പി.എസ്.സി. ഐഡന്റിറ്റി കാർഡ് നൽകണമെന്നും പരീക്ഷാ ഡ്യൂട്ടി സമയത്ത് നിർബന്ധമായും ആയത് ധരിക്കണമെന്ന നിർദ്ദേശം നൽകണമെന്നും ഒ.എം.ആർ. ഷീറ്റിൽ ഇൻവിജിലേറ്റർമാർ ഉദ്യോഗാർത്ഥിയുടെ സാന്നിദ്ധ്യത്തിൽ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തണമെന്നുമുള്ള നിബന്ധന ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

73. രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന കേരളത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണവും ക്രമാതീതമാണ് എന്നത് ഏവർക്കും അറിവുള്ളതാണ്. മുഖ്യ തൊഴിൽദാതാവായ സർക്കാരിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമന ശിപാർശ ചെയ്യുന്നതുവഴി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുമായി ഇടപെടുന്ന പി.എസ്.സി.-യുടെ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. പി.എസ്.സി. നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നത് തൊഴിൽ അന്വേഷകരിൽ പി.എസ്.സി.-യുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനുതകും എന്നത് വസ്തുതയാണ്. ഈ സാഹചര്യത്തിൽ

പി.എസ്.സി.യെയും വിവരാവകാശ നിയമപരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധി ഏറെ പ്രസക്തവും ശ്ലാഘനീയവും പി.എസ്.സി. നടപടികളുടെ സുതാര്യത വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടിയാണെന്ന് സമിതി കരുതുന്നു.

74. ഒരേസമയം പ്രതീക്ഷയോടെയും ആശങ്കയോടെയും പി.എസ്.സി. നടപടികൾ വീക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ പി.എസ്.സി.ക്കെതിരെ പരാതി ഉന്നയിച്ചാൽ അവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്ന പി.എസ്.സി.-യുടെ പ്രവണത തീരെ ആശാസ്യമല്ല. വളരെയധികം അപേക്ഷകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പരാതികൾക്കിടവരാത്തവിധം കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും പി.എസ്.സി.-യുടെ പ്രവർത്തനത്തിൽ പല പോരായ്മകളുമുണ്ടെന്ന് സമിതിക്ക് ലഭിച്ച ഹർജികളിൽനിന്ന് സമിതി മനസ്സിലാക്കുന്നു. ആയത് തീർത്തും ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം പരാതികളെ സഹിഷ്ണുതയോടെ വീക്ഷിക്കണമെന്നും അവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് പി.എസ്.സി. തയ്യാറാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. പി.എസ്.സി. നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതുവഴി പി.എസ്.സി.-യുടെ വിശ്വാസ്യത വർദ്ധിക്കുമെന്നും അങ്ങനെ ഇന്ത്യയിലെതന്നെ ഏറ്റവും നല്ല സർക്കാർ റിക്രൂട്ട്മെന്റ് ഏജൻസിയായി മാറുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കഴിയുമെന്നും സമിതി പ്രതീക്ഷിക്കുന്നു.

ജോസഫ് വാഴയ്ക്കൻ,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 ഫെബ്രുവരി 17.